**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 387** — **28-06-2011-ൽ മറുപടിയ്ക്ക്**

**മുണ്ടയാട് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു: | ശ്രീ.കെ.ബി.ഗണേഷ്കുമാർ<br>(വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ)<br>മുണ്ടയാട് സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ ; | (എ)<br>കണ്ണൂർജില്ലയിലെ മുണ്ടയാട് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ വകയായ 16.2 ഏക്കർ സ്ഥലം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ് കൈമാറികിട്ടിയത്.<br>നിബന്ധനകൾ<br>1. മൃഗസംരക്ഷണ വകുപ്പിൽ നിന്നും സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് വകുപ്പിലേയ്ക്ക് വിട്ടുകൊടുക്കുന്ന സ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിച്ചു മാറ്റുമ്പോൾ അവ സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് വകുപ്പിന്റെ ചെലവിൽ മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലത്ത് നിർമ്മിച്ച് നൽകേണ്ടതാണ്. |

2. മൃഗസംരക്ഷണ വകുപ്പിൽ നിന്നും സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് വകുപ്പിലേക്ക് ഭൂമി വിട്ട് കൊടുക്കുമ്പോൾ രണ്ട് സ്ഥലങ്ങളും വേർതിരിച്ച്കൊണ്ടുള്ള ചുറ്റുമതിൽ സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് വകുപ്പ് നിർമ്മിച്ച് നൽകേണ്ടതാണ്.

സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിനെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. ഇതിനാവശ്യമായ സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുകയും നിർമ്മാണ സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും ചെയ്തു കഴിഞ്ഞു. സ്റ്റേഡിയം നിർമ്മാണത്തിനായുള്ള പദ്ധതി രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കി ദർഘാസ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി എത്ര തുക സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്;

(സി) ഇതിൽ എം.എൽ.എ. മാരുടെയും എം.പി. മാരുടെയും വിഹിതം എത്ര വീതമാണെന്ന് അറിയിക്കാമോ;

(ബി) & (സി) ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് എം.എൽ.എ./ എം.പി. ഫണ്ടുകൾ വിനിയോഗിക്കുന്നില്ല.എന്നാൽ മൃഗ സംരക്ഷണവകുപ്പിന്റെ പൊളിച്ചുമാറ്റിയ ഓഫീസ് കെട്ടിടങ്ങൾ അവരുടെ സ്ഥലത്ത് നിർമ്മിക്കുവാൻ എം.എൽ.എ. ഫണ്ട് ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം മുൻ എം.എൽ.എ. ശ്രീ. സുധാകരനിൽ നിന്നും എം.എൽ.എ. ഫണ്ടായി 25 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| | മാത്രമല്ല പൊളിയ്ക്കേണ്ടിവന്ന മൃഗ സംരക്ഷണ വകുപ്പിന്റെ കെട്ടിടത്തിന് പകരമായി താൽകാലിക കെട്ടിടം പണിയുന്നതിനായി സ്പോർട്സ് കൗൺസിലിന്റെ പദ്ധതി വിഹിതത്തിൽ നിന്നും 13,50,000 രൂപ കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകുകയുണ്ടായി. |
| (ഡി) നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.